**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 618** **28.10. 2011-ൽ മറുപടിക്ക്.**

**കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ കോടതികളിലായി പതിനായിരക്കണക്കിന് കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ കേസ് തീർപ്പാക്കുന്നതിൽ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നീതിനിർവ്വഹണം വേഗത്തിലാക്കാൻ ഉതകുന്ന എന്ത് നടപടിയാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ; | : (ബി) നീതിനിർവ്വഹണം വേഗത്തിലാക്കാൻ സംസ്ഥാനത്ത് ഒരു വ്യവഹാരനയം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. കൂടാതെ സായാഹ്ന കോടതികൾ, ഗ്രാമന്യായാലയങ്ങൾ, പ്രത്യേക കോടതികൾ തുടങ്ങിയവ ഹൈക്കോടതിയുമായി ആലോചിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് |

(..............2)

പുതിയ കോടതികൾ തുടങ്ങുന്നതിനുവേണ്ടി ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒരു മുൻഗണനാ പട്ടിക തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കോടതികൾ സ്ഥാപിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്താമോ ?

: (സി) സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 31.08.2011 വരെ തീർപ്പാകാതെ കിടക്കുന്ന കേസുകൾ താഴെപറയും പ്രകാരമാണ് :

| | |
|---|---|
| സിവിൽ കേസുകൾ | - 373638 |
| ക്രിമിനൽ കേസുകൾ | - 656112 |
| **ആകെ** | - **1029750** |

സെക്ഷൻ ഓഫീസർ